**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6035** **09-07-2024 - ൽ മറുപടിയ്ക്ക്**

**മണ്ണ് നീക്കം ചെയ്യുന്നതിനായി വടകര താലൂക്കിൽനിന്നുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണ പ്രവൃത്തികൾക്കായി മണ്ണ് നീക്കം ചെയ്യുന്നതിന് ജിയോളജി വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; അക്കാര്യത്തിൽ അനുമതി ലഭിക്കുന്നതിനായി അപേക്ഷകൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 3000 ചതുരശ്ര അടിക്ക് മുകളിലുള്ള കെട്ടിട നിർമ്മാണം ആണെങ്കിൽ അപേക്ഷകൻ പ്രസ്തുത സ്ഥലത്തിന്റെ സ്കെച്ച്, കൈവശാവകാശ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള ബിൽഡിങ് പെർമിറ്റും, ബിൽഡിങ് പ്ലാനും, ഡവലപ്മെന്റ് പ്ലാനും, അപേക്ഷാസ്ഥലം സ്വന്തം കൈവശത്തിലല്ലെങ്കിൽ 200 /- രൂപ മുദ്രപത്രത്തിൽ നോട്ടറി അറ്റസ്റ്റ് ചെയ്ത സ്ഥലം ഉടമയുടെ സമ്മതപത്രം എന്നിവയും സമ്പാദിച്ച് അപേക്ഷ ബന്ധപ്പെട്ട ജില്ലാ ജിയോളജി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. തുടർന്ന് ജില്ലാ ആഫീസിൽ നിന്നും സ്ഥല പരിശോധന നടത്തി നീക്കം ചെയ്യാൻ അനുമതി നൽകുന്ന മണ്ണിന്റെ അളവിന് അനുസരിച്ചുള്ള മുൻകൂർ റോയൽറ്റി ഈടാക്കി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതാണ്. 3000 ചതുരശ്ര അടിക്ക് താഴെയുള്ള കെട്ടിട നിർമ്മാണം ആണെങ്കിൽ മേൽ പറയുന്ന രേഖകൾ സഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷിക്കേണ്ടതും അവിടെ നിന്നും പരിശോധന നടത്തി അനുമതി നൽകുകയും ചെയ്യുന്നു. പാരിസ്ഥിതി കാനുമതി ആവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് ക്വാറിയിംഗ് പെർമിറ്റിന് അപേക്ഷിക്കേണ്ടതാണ്.<br><br>നാഷണൽ ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ക്വാറിയിംഗ് പെർമിറ്റ് അനിവാര്യമാണ് എന്നാൽ ഈ വിഷയത്തിൽ ദൂരപരിധി സംബന്ധിച്ച് ചട്ടങ്ങളിൽ ആവശ്യമായ ഇളവ് സർക്കാർ നൽകിയിട്ടുണ്ട്. നാഷണൽ ഹൈവേ എഞ്ചിനീയർ നിർദ്ദേശിക്കുന്ന നിബന്ധനകൾ പ്രകാരമുള്ള ഇളവുകളാണ് അനുവദനീയമായിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | റെയിൽവേ നിർമ്മാണത്തിന്റെ ഭാഗമായി റെയിൽവെയുടെ തന്നെ ഭൂമിയിൽ നിന്നും ധാതു അവിടെതന്നെ ഉപയോഗിക്കുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമില്ലായെങ്കിലും മണ്ണ് പുറത്തേക്ക് ഗതാഗതം ചെയ്യുന്ന സാഹചര്യത്തിൽ റോയൽറ്റി ഒടുക്കി പ്രത്യേക അനുമതി സമ്പാദിക്കേണ്ടതാണ്. റെയിൽവെയുടെ ആവശ്യത്തിനായി സ്വകാര്യ ഭൂമിയിൽ നിന്നും മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ ചട്ടപ്രകാരം ക്വാറിയിംഗ് പെർമിറ്റ് സമ്പാദിക്കേണ്ടതുണ്ട്.<br><br>സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലത്തുനിന്നുള്ള നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനം ലഭ്യമാക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരം റോയൽറ്റി ഈടാക്കി അനുമതി നൽകി വരുന്നു. 2015 ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 106 ൽ പരാമർശിച്ചിട്ടുള്ള പൊതു നിർമ്മിതികൾക്ക് (common facilities) സാധാരണ മണ്ണ് ഉൾപ്പെടെയുള്ള എല്ലാ ധാതുക്കളും നീക്കം ചെയ്യുന്നതിന് അനുമതി നൽകിവരുന്നു.<br><br>കെട്ടിട അനുബന്ധ നിർമ്മിതികളുടെ ഭാഗമായി 150 മെട്രിക് ടൺ അളവു വരെ ധാതുക്കൾ നീക്കം ചെയ്യുന്നതിന് ചട്ടപ്രകാരം അപേക്ഷകൻ ഹാജരാക്കുന്ന അഫിഡവിറ്റിന്റെ അടിസ്ഥാനത്തൽ റോയൽറ്റി ഈടാക്കി മിനറൽ ട്രാൻസിറ്റ് പാസുകൾ നൽകി വരുന്നു. |
| (ബി) | നിർമ്മാണ പ്രവൃത്തികൾക്ക് മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് വടകര താലൂക്കിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളും വ്യക്തമാക്കാമോ? | (ബി) | നിർമ്മാണ പ്രവർത്തികൾക്ക് മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് വടകര താലൂക്കിൽ നിന്നും 2022-23 ൽ 14 അപേക്ഷകൾ ലഭിക്കുകയും 13 അപേക്ഷകളിൽ ധാതു നീക്കം ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തു. നാഷണൽ ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിനായി ലഭിച്ച ഒരു അപേക്ഷയിൽ അപേക്ഷകന് അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ 4 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 3 അപേക്ഷകളിൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും ഒരു അപേക്ഷയിൽ തുടർ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ